**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2705** **06-10-2025 - ൽ മറുപടിയ്ക്ക്**

**പേരാമ്പ്ര മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വോൾട്ടേജ് ക്ഷാമം പരിഹരിക്കണമെന്നാവശ്യപ്പെട്ട് പേരാമ്പ്ര മണ്ഡലത്തിലെ ഏതൊക്കെ പ്രദേശങ്ങളിൽ നിന്നും അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | പേരാമ്പ്ര നിയോജകമണ്ഡലത്തിൽ മേപ്പയൂർ സെക്ഷനിലെ കൊഴുക്കല്ലൂർ, വൈലോപള്ളി, പുത്തൻപുരപാറ, പാക്കനാർപുരം, തോലേരി, ജീജ ബാലവാടി എന്നിവിടങ്ങളിലും നടുവണ്ണൂർ സെക്ഷനിലെ ചാത്തോത്ത് താഴെ, വെള്ളിയൂർ, കിളിയായി മീത്തൽ, കായൽ മുക്ക് എന്നീ സ്ഥലങ്ങളിലും ചക്കിട്ടപ്പാറ സെക്ഷനിലെ പന്തിരി, ഒറ്റ കണ്ടം, പന്നിക്കോട്ടൂർ കോളനി, ചെങ്കോട്ടക്കൊല്ലി, കായനോത്ത്, വികെ റോഡ്, മറുമൺ- കണ്ണാടി പാറ, ചാത്തൻകണ്ടിമുക്ക്, മൂലക്കൽ കയ്യുണ്ടം, മാനോളി, കോടേരിച്ചാൽ, വേങ്ങപ്പറ്റ, തായപ്പള്ളി, വെള്ളച്ചാൽ, പറമ്പൽ, ചക്കിട്ടപ്പാറ, മുടിയഞ്ചാൽ, തരിപിലോട്, കുന്നശ്ശേരി എന്നിവിടങ്ങളിലും പേരാമ്പ്ര നോർത്ത് സെക്ഷന് കീഴിൽ കൂനിയോട്, കുട്ടോത്ത് ഏരിയ എന്നിവിടങ്ങളിലും വോൾട്ടേജ് ക്ഷാമവുമായി ബന്ധപ്പെട്ട അപേക്ഷകൾ കെ.എസ്.ഇ.ബി.എൽ.-ന് ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത അപേക്ഷകളിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ? | (ബി) | മേപ്പയൂർ സെക്ഷന് കീഴിൽ ജീജാ ബാലവാടി ഒഴികെ ബാക്കി എല്ലാ സ്ഥലത്തുള്ള വോൾട്ടേജ് ക്ഷാമവും പരിഹരിച്ചിട്ടുണ്ട്. ജീജാ ബാലവാടി എന്ന സ്ഥലത്തുള്ള ക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടി നടന്നുവരുന്നു. നടുവണ്ണൂർ സെക്ഷന് കീഴിലെ ചാത്തോത്ത് താഴെ പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് 2025-26 ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വെള്ളിയൂർ കിളിയായി മീത്തൽ പ്രദേശത്തുള്ള വൈദ്യുതക്ഷാമം പരിഹരിക്കുന്നതിന് 2026-27 ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കായൽ മുക്ക് ഭാഗത്ത് വൈദ്യുതി വിതരണം മെച്ചപ്പെടുത്തുന്നതിന് RDSS പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പേരാമ്പ്ര നോർത്ത് സെക്ഷന് കീഴിൽ കൂനിയോട് ഏരിയയിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുള്ള വർക്ക് നടന്നുകൊണ്ടിരിക്കുന്നു. കുട്ടോത്ത് ഏരിയയിലെ വോൾട്ടേജ് ക്ഷാമം |

| | | | |
|---|---|---|---|
| | | | പരിഹരിക്കപ്പെട്ടു. ചക്കിട്ടപ്പാറ സെക്ഷന് കീഴിലെ മിക്കവാറും എല്ലാ സ്ഥലത്തെയും വോൾട്ടേജ് ക്ഷാമം പരിഹരിക്കപ്പെട്ടതാണ്. എന്നാൽ വെങ്ങപ്പറ്റ, തായപ്പള്ളി, വെള്ളച്ചാൽ, പറമ്പൽ, ചക്കിട്ടപ്പാറ, മുടിയഞ്ചാൽ, തരിപിലോട്, കുന്നശ്ശേരി എന്നിവിടങ്ങളിലെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ